പതിമൂന്നാം കേരളനിയമസഭ
പതിനൊന്നാം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4905 — 27.06.2014-ൽ മറുപടിക്ക്

## അനാഥാലയങ്ങളുടെ പ്രവർത്തനം

ചോദ്യം — ഉത്തരം

ശ്രീ. കെ.കുഞ്ഞമ്മത് മാസ്റ്റർ

ഡോ. എം.കെ. മുനീർ
(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പു മന്ത്രി )

| | |
|---|---|
| വിദ്യാഭ്യാസവും ഭക്ഷണവും നൽകേണ്ടുന്ന ആവശ്യത്തിലേയ്ക്ക് ഓർഫനേജുകളിലേയ്ക്ക് സംസ്ഥാനത്തിന് പുറത്തുനിന്ന് കുട്ടികളെ കൊണ്ടുവരാൻ ആർക്കെങ്കിലും അനുമതി നൽകിയിട്ടുണ്ടോ; ഇത്തരത്തിൽ ഏതെങ്കിലും ഓർഫനേജ് അധികാരികൾ പ്രവർത്തിച്ചിട്ടുള്ളതായി അറിയാമോ? | ഇല്ല. ഓർഫനേജ് കൺട്രോൾ ബോർഡിന്റെ അംഗീകാരത്തോടെ പ്രവർത്തിക്കുന്ന അനാഥാലയങ്ങളിൽ അന്യസംസ്ഥാന കുട്ടികളെ പ്രവേശിപ്പിക്കുന്നതിന് മുമ്പായി പ്രസ്തുത സ്ഥാപനം അതാത് സംസ്ഥാന സർക്കാരിന്റെ ശുപാർശയോടു കൂടി കുട്ടികളുടെ തിരിച്ചറിയൽ രേഖകൾ സഹിതം സംസ്ഥാന ഓർഫനേജ് കൺട്രോൾ ബോർഡിന്റെ അനുമതി തേടിയിരിയ്ക്കണം എന്നും ഇപ്രകാരം അന്യസംസ്ഥാനത്തുള്ള കുട്ടികളെ പാർപ്പിക്കുന്ന സ്ഥാപനങ്ങൾക്ക് പ്രസ്തുത കുട്ടികൾക്കായുള്ള ദൈനംദിന ചിലവ് സംസ്ഥാന സർക്കാർ വഹിക്കുന്നതല്ലായെന്നും സ്ഥാപനം തന്നെ വഹിക്കേണ്ടതാണെന്നും 22.6.2013ലെ സ.ഉ(പി)52/2013/സാനീവ നമ്പർ ഉത്തരവ് പ്രകാരം നിഷ്കർഷിച്ചിട്ടുണ്ട്.<br><br>മേൽ നടപടിക്രമം പാലിക്കാതെ അന്യസംസ്ഥാനക്കുട്ടികളെ പാർപ്പിക്കുന്നതായി ആരോപിക്കപ്പെട്ടിട്ടുള്ള സ്ഥാപനങ്ങളെക്കുറിച്ച് അന്വേഷണം നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ